## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:04.08.2025**

### പ്രധാനവാർത്തകൾ

1. പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം; പ്രതിഷേധം രൂക്ഷമായതോടെ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

2. സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തേക്കാൾ നാല് ശതമാനം സമുദ്രമത്സ്യ ലഭ്യത കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം.

3. ഓണക്കാലത്ത് മുഴുവൻ കാർഡുടമകൾക്കും മാവേലി സ്റ്റോർ വഴി കിലോക്ക് 25 രൂപക്ക് അരി ലഭ്യമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

4. കേരളാ തീരത്തിന് സമീപം പുറങ്കടലിൽ മുങ്ങിയ ചരക്കുകപ്പലിൽ നിന്ന് എണ്ണയും, കണ്ടെയ്നറുകളും വീണ്ടെടുക്കുന്നതിനുള്ള ദൗത്യം ആരംഭിച്ചു.

5. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്; ആറ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യ ബന്ധനത്തിന് വിലക്ക്.

6. ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് ഉജ്ജ്വല വിജയം; പരമ്പര സമനിലയിൽ.

&&&&&&&&&&&&&&&&&&

RNU TVPM

## പാർലമെന്റ്

പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. വിവിധ വിഷയങ്ങളിലെ പ്രതിഷേധം രൂക്ഷമായതോടെ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. അന്തരിച്ച ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും എം.പി യുമായ ഷിബു സോറനോടുള്ള ആദരസൂചകമായി രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## ഷിബു സോറൻ

ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും ഝാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ഷിബു സോറൻ അന്തരിച്ചു. 81 വയസ്സായിരുന്നു. ഒരു മാസത്തിലേറെയായി ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആശുപത്രിയിൽ എത്തി അന്ത്യാഞ്ജലി അർപ്പിച്ചു. 38 വർഷക്കാലം ഝാർഖണ്ഡ് മുക്തി മോർച്ചയെ നയിച്ച അദ്ദേഹം ഝാർഖണ്ഡിന്റെ മൂന്നാമത്തെ മുഖ്യമന്ത്രിയായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ കൽക്കരി മന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു. മുഖ്യമന്ത്രി ഹേമന്ദ് സോറന്റെ പിതാവാണ്. ആദിവാസി സമൂഹങ്ങളെയും, ദരിദ്രരെയും, അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിൽ അദ്ദേഹം പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

PINU TVPM

&&&&&&&&&&&&&&&&&&

## കരട് വോട്ടർപട്ടിക

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലു ദിവസം കൂടി അവസരം.

പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തുലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈമാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## ഹൈക്കോടതി

കേരള സർവകലാശാലാ സിൻഡിക്കേറ്റ് റദ്ദാക്കിയിട്ടും, രജിസ്ട്രാറുടെ സസ്പെൻഷൻ പിൻവലിക്കാതിരിക്കാൻ വൈസ് ചാൻസലർക്ക് അധികാരമുണ്ടോയെന്ന് ഹൈക്കോടതി. രജിസ്ട്രാർ കെ.എസ്. അനിൽകുമാറിന്റെ സസ്പെൻഷൻ പിൻവലിക്കാത്തതിനെ തുടർന്നാണ് വിസിയോട് ജസ്റ്റിസ് ടി. ആർ. രവി വാക്കാൽ ഇക്കാര്യം ആരാഞ്ഞത്. ഗവർണർ പങ്കെടുത്ത പരിപാടിക്കിടെ, ഉണ്ടായ സംഭവങ്ങളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രാറെ സസ്പെൻഡ് ചെയ്തത്. ഇത് ചോദ്യം ചെയ്താണ് അനിൽകുമാർ റിട്ട് ഹർജി സമർപ്പിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## സമുദ്ര മത്സ്യ ലഭ്യത (ഇൻട്രോ)

സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തേക്കാൾ നാല് ശതമാനം സമുദ്രമത്സ്യ ലഭ്യത കുറഞ്ഞതായി റിപ്പോർട്ട്. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ചത് 34.7 ലക്ഷം ടൺ മത്സ്യമാണ്. മുൻ വർഷത്തെക്കാൾ രാജ്യത്താകെ രണ്ട് ശതമാനം കുറവുണ്ടെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ വാർഷിക പഠന റിപ്പോർട്ടിൽ പറയുന്നു.

**വിശദാംശങ്ങളിലേക്ക്.....**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

## ജി.ആർ.അനിൽ

ഓണക്കാലത്ത് മുഴുവൻ കാർഡുടമകൾക്കും മാവേലി സ്റ്റോർ വഴി 25 രൂപക്ക് 20 കിലോ അരികൂടി ലഭ്യമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ. കോഴിക്കോട് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ വട്ടോളി മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോർ ആക്കി ഉയർത്തിയതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. നിലവിൽ ലഭിക്കുന്ന എട്ട് കിലോ അരിക്ക് പുറമെയാണിത്. സപ്ലൈകോ വഴി ഓണത്തിന് റേഷൻ കാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ രണ്ട് ലിറ്റർ വെളിച്ചെണ്ണ ലഭ്യമാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

RNUTVPM

## എ.പി.ജെ.പുരസ്കാരം-ഗവർണർ

വികസിത ഭാരത സങ്കൽപം സാക്ഷാത്കരിക്കാൻ നിംസ് നടത്തിവരുന്ന പദ്ധതികൾ മാതൃകാപരമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. നൂറുൽ ഇസ്‌ലാം എഡ്യൂക്കേഷണൽ ട്രസ്റ്റും നിംസ് മെഡിസിറ്റിയും ഏർപ്പെടുത്തിയ ഏഴാമത് എ.പി.ജെ പുരസ്കാരദാന ചടങ്ങ്, ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ.വി.നാരായണന് എ.പി.ജെ പുരസ്കാരം ഗവർണർ സമ്മാനിച്ചു.

&&&&&&&&&&&&&&&&&&&

## മാംഗല്യം പദ്ധതി-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ "മാംഗല്യം പദ്ധതി" ശ്രദ്ധേയമാകുന്നു. ജാതി മതഭേദമന്യേ സൗജന്യമായി

വിവാഹിതരാകാനുള്ള വഴിയാണ് പഞ്ചായത്ത് ഒരുക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ ശശിധരൻ...**

(വോയിസ്)

&&&&&&&&&&&&&&&&&&

## അടൂർ -വാസവൻ

കഴിഞ്ഞ ദിവസം സിനിമാ കോൺക്ലേവിൽ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ നടത്തിയ പ്രസ്താവന ദുരുദ്ദേശപരമായി കാണേണ്ടതില്ലെന്ന് മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. കണ്ണൂരിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. അതേസമയം താൻ ഒരിടത്തും ദളിതരെയും സ്ത്രീകളെയും മോശമായി പറഞ്ഞിട്ടില്ലെന്നും അങ്ങനെ ഉണ്ടെങ്കിൽ മാപ്പ് പറയാമെന്നും അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. മുൻ പരിചയം ഇല്ലാത്തവർക്കാണ് പണം നൽകുന്നതെന്നും അതുകൊണ്ട് നല്ല ട്രെയിനിംഗ് നൽകണമെന്നും അദ്ദേഹം പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## എം.എസ്.സി എൽസ-3

കേരളാ തീരത്തിന് സമീപം പുറങ്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പൽ MSC എൽസ -3 യിൽ നിന്ന് എണ്ണയും, കണ്ടെയ്നറുകളും വീണ്ടെടുക്കുന്നതിനുള്ള ദൗത്യം കൊല്ലം പോർട്ട് കേന്ദ്രീകരിച്ച് ആരംഭിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ ഉൾപ്പെട്ട 20 അംഗ സാൽവേജ് സംഘം പോർട്ടിലെത്തി. കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് എണ്ണ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. പോർട്ടിലെ എമിഗ്രേഷൻ ഓഫീസും, ചെക്പോയിൻ്റും പ്രവർത്തന സജ്ജമാക്കി.

&&&&&&&&&&&&&&&&&&

## നെട്ടുകാൽത്തേരി (ഇൻട്രോ)

മത്സ്യമുൾപ്പെടെയുള്ളവയുടെ, വിളവെടുപ്പിൻറെ നിറവിലാണ് നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഉദ്യോഗസ്ഥരും ജയിൽ നിവാസികളും. സി.കെ ഹരീന്ദ്രൻ എം എൽ എ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

&&&&&&&&&&&&&&&&&&

PNUTVPM

## മഴ

സംസ്ഥാനത്ത് ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്.
പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത തുടരുന്നു. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതയാണ്. ഇന്ന് തെക്കു- പടിഞ്ഞാറൻ അറബിക്കടലിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെ ശക്തമായ കാറ്റിനു സാധ്യയുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മൽസ്യ ബന്ധനത്തിനു പോകരുതെന്നും മുന്നറിയിപ്പുണ്ട്. മറ്റന്നാൾ വരെ കന്യാകുമാരി പ്രദേശത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ് (ഇൻട്രോ)

ഇംഗ്ലണ്ടിന് എതിരായ അഞ്ചാം ടെസ്റ്റിൽ ഇന്ത്യക്ക് ആവേശോജ്ജ്വല ജയം. കെന്നിംഗ്ടണിലെ ഓവലിൽ നടന്ന ഫൈനൽ പോരാട്ടത്തിൽ ആറ് റൺസിന്റെ സ്വപ്ന ജയമാണ് ഇന്ത്യ സ്വന്തമാക്കിയത്.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

&&&&&&&&&&&&&&&&&&

## ശബരിമല - അരവണ സുപ്രീംകോടതി

RNUTVPM

ശബരിമലയിൽ അരവണ നിർമിച്ച് നൽകാൻ കരാറെടുത്തിരുന്ന പഞ്ചമി പാക്ക് എന്ന കമ്പനിയ്ക്ക്, തിരുവിതാംകൂർ ദേവസ്വം ബോർഡ് 239 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്ന ഹൈക്കോടതി വിധി , സുപ്രീം കോടതി സ്റ്റേ ചെയ്തു. ഹൈകോടതി വിധി ചോദ്യം ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് സമർപ്പിച്ച അപ്പീലിലാണ് നടപടി.

&&&&&&&&&&&&&&&&&&

## റിപ്പിൾ -വെള്ളച്ചാട്ടം (ഇൻട്രോ)

ഇടുക്കി രാജാക്കാട് പഞ്ചായത്തിലെ വിനോദസഞ്ചാര കേന്ദ്രമായ റിപ്പിൾ വെള്ളച്ചാട്ടം കാണാൻ സഞ്ചാരികളുടെ തിരക്ക്. മഴ തകർത്തു പെയ്യുമ്പോഴും വെള്ളച്ചാട്ടത്തിന്റെ മനോഹര ദൃശ്യം ആസ്വദിക്കാനായി വിദേശത്തും സ്വദേശത്തും നിന്നുമായി നിരവധിപേരാണ് ദിനംപ്രതി എത്തുന്നത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...........

&&&&&&&&&&&&&&&&&&

## സദാനന്ദൻ മാസ്റ്റർ - തലശ്ശേരി

രാജ്യസഭ അംഗം സി സദാനന്ദൻ മാസ്റ്ററുടെ ഇരു കാലുകളും വെട്ടിമാറ്റിയ കേസിലെ 8 പ്രതികൾ തലശ്ശേരി സെഷൻസ് കോടതിയിൽ ഹാജരായി. വിചാരണ കോടതി ഇവർക്ക് 7 വർഷം കഠിന തടവിന് വിധിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## ഐ.ഐ.എം.സി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷൻ - IIMC നടത്തുന്ന വിവിധ മാധ്യമ അനുബന്ധ കോഴ്സുകളിലേക്കുള്ള അവസാനവട്ട സ്പോട്ട് അഡ്മിഷൻ്റെ ഓൺലൈൻ രെജിസ്ട്രേഷൻ നാളെയും മറ്റന്നാളും നടക്കും. കോട്ടയം ക്യാമ്പസ്സിൽ വിവിധ കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരങ്ങൾക്ക് iimc.admissions.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

RNU TVPM